# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *277

12.12.2014-ൽ മറുപടിയ്ക്ക്

### വാർഡുകളുടെ പുനർസംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി | |
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ പുന:സംഘടിപ്പിക്കുവാനും സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്താനും ഉദ്ദേശിക്കുന്നുണ്ടോ; | എ) | കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരെഞ്ഞെടുപ്പിന് മുന്നോടിയായി ഓരോ നിയോജകമണ്ഡലത്തിലേയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലൊട്ടാകെ ഒന്നു തന്നെ ആകത്തക്കവിധം വിഭജിച്ച് അതിർത്തികൾ നിർണ്ണയിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) | എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊണ്ടതെന്നറിയിക്കാമോ; | ബി) | ബാധകമല്ല. |
| സി) | ഇതു സംബന്ധമായ ബന്ധപ്പെട്ട നിയമ വ്യവസ്ഥകളെന്തൊക്കെയാണ്; | സി) | 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൌൺ പഞ്ചായത്തായോ മുനിസിപ്പൽ കൌൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം സംസ്ഥാനത്തെ നഗരസ്വഭാവം ആർജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 ക്യൂ അനുഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് നഗരസഭകൾ രൂപീകരിക്കുന്നതിനുള്ള അടിസ്ഥാനം. |

| | | | |
|---|---|---|---|
| ഡി) | നിലവിലുള്ള മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളാക്കുമ്പോൾ അധികാരകേന്ദ്രീകരണം ആണ് നടക്കുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ പുന:സംഘടനയ്ക്ക് ഡീലിമിറ്റേഷൻ കമ്മീഷൻ നിലവിലുണ്ടോ; കമ്മീഷൻ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | ഡി) | മുനിസിപ്പാലിറ്റികൾ കോർപ്പറേഷനായി ഉയർത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുനസംഘടിപ്പിക്കേണ്ടതുണ്ട്. |
| (ഇ) | ഇത്തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മുമ്പ് ഒരു ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിച്ച് ആയതിന്റെ ശിപാർശ തേടിയിട്ടുണ്ടോ; | (ഇ) | 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(2) (എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൌൺ പഞ്ചായത്തായോ മുനിസിപ്പൽ കൌൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. |
| (എഫ്) | അടുത്ത പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പിന് മുമ്പായി ഇവയുടെ പുന:സംഘടനയോ പുതിയവയുടെ രൂപീകരണമോ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (എഫ്) | 2015-ലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിനും നഗരസ്വഭാവം ആർജിച്ച ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസരിച്ച് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പക്ഷേ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത ആവശ്യമായിരുന്നതുകൊണ്ട് കൂടുതൽ സമഗ്രമായ ഒരു റിപ്പോർട്ട് നൽകാൻ നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ